⇨ സദാചാര ഗുണ്ടായിസത്തിനെതിരെ ചുംബന സമരം നടത്തിയവരെല്ലാം മാവോയിസ്റ്റുകളായി ⇨

# സമരങ്ങളിലെല്ലാം മാവോയിസം ആരോപിക്കരുത്

**കെ. അജിത**

മാവോയിസ്റ്റ് സാന്നിധ്യത്തെക്കുറിച്ച് പത്രങ്ങളിൽ വരുന്നതിലേറെയും പോലീസ് നൽകുന്ന വിവരങ്ങളാണ്. അതിൽ എത്രത്തോളം വിശ്വസിക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നുണ്ട്. വയനാട്ടിൽ മാവോയിസ്റ്റുകളും പോലീസും തമ്മിൽ പരസ്പരം വെടിയുതിർക്കുകയും ആർക്കും പരിക്കേൽക്കാതിരിക്കുകയും ചെയ്തു എന്ന് വാർത്തയുണ്ടായല്ലോ. പല പത്രക്കാരും ആ വാർത്തയെ തുടർന്ന് വിശദാംശങ്ങൾ അറിയുന്നതിനായി എന്നെ വിളിച്ചു. എന്തിനാണ് അവർ എന്നെ വിളിക്കുന്നതെന്ന് മനസ്സിലായില്ല. പോലീസ് പറയുന്നതനുസരിച്ച് പത്രങ്ങൾ നൽകുന്ന വിവരമല്ലാതെ അക്കാര്യത്തിൽ എനിക്ക് ഒന്നും അറിയില്ല. പണ്ട് നക്സലൈറ്റ് ആയിരുന്നു എന്നതുകൊണ്ട് ഇപ്പോഴും ഇതിനെല്ലാം മറുപടി പറയേണ്ട ആളായാണ് മാധ്യമങ്ങൾ എന്നെ കരുതുന്നത്.

കേരളീയം മാസിക എത്രയോ വർഷങ്ങളായി വളരെ ജനകീയമായി പ്രവർത്തിക്കുന്ന പ്രസിദ്ധീകരണമാണ്. ഒരു രഹസ്യാത്മകതയും കേരളീയത്തിന്റെ പ്രവർത്തനങ്ങളിൽ ഇന്നുവരെ എനിക്ക് അനുഭവപ്പെട്ടിട്ടില്ല. എന്തിന് വേണ്ടിയാണ് അത് പ്രവർത്തിക്കുന്നത് എന്നത് ആർക്കും മനസ്സിലാക്കാൻ കഴിയുംവിധം വളരെ സുതാര്യമാണ്. പിന്നെ എന്തിനായിരുന്നു ഈ റെയ്ഡ്? ആദിവാസികളുടെ നിൽപ്പ് സമരം ഉൾപ്പെടെയുള്ള സംഭവങ്ങൾ നടക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഇതിനെ മനസ്സിലാക്കേണ്ടത്. അതുപോലെ എത്രയോ പരിസ്ഥിതി പ്രശ്നങ്ങൾ, സ്ത്രീ പ്രശ്നങ്ങൾ. ഇതിനെയെല്ലാം മാവോയിസമാക്കി മുദ്രകുത്താൻ ഭരണകൂടത്തിന് വലിയ താത്പര്യമുണ്ട് എന്നാണ് കാണാൻ കഴിയുന്നത്. മാസങ്ങൾക്ക് മുമ്പ് കോർപ്പറേഷനിലെ വനിതാ ജീവനക്കാരുടെ ശമ്പള പ്രശ്നം ഉന്നയിച്ച് വിജി നിരാഹാര സമരം കിടന്ന സമയത്ത് വിജി മാവോയിസ്റ്റാണ് എന്ന പ്രചരണം ഒരു പത്രം നടത്തിയിരുന്നു. യാഥാർത്ഥ്യം അന്വേഷിക്കാൻ ആരും തയ്യാറായില്ല. എന്തിനാണ് ഒരു പത്രം എഴുതിയ അസംബന്ധത്തിന്റെ പിറകേ പോകുന്നത് എന്ന് കരുതി അന്ന് വലിയ പ്രശ്നമുണ്ടാക്കാൻ നമ്മൾ തുനിഞ്ഞില്ല. എന്നാൽ ഇന്ന് പ്രതിഷേധ ശബ്ദം ഉയർത്തുന്നവരെയെല്ലാം മാവോയിസ്റ്റാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സദാചാര ഗുണ്ടായിസത്തിനെതിരെ ചുംബന സമരം നടത്തിയവരെല്ലാം മാവോയിസ്റ്റുകളായി. ഇപ്പോൾ കേരളീയവും ആ ലിസ്റ്റിലേക്ക് എത്തിപ്പെട്ടിരിക്കുന്നു. കേരളത്തിലെ സാമൂഹിക പ്രവർത്തകരെല്ലാം മാവോയിസ്റ്റ് മുദ്രചാർത്തിയുള്ള ഈ പീഡനത്തിനെതിരെ രംഗത്ത് വരേണ്ടതുണ്ട്. ■




എൻ.പി. രാജേന്ദ്രൻ, ഡോ. ആസാദ്, കെ. അജിത എന്നിവർ കോഴിക്കോട് നടന്ന പ്രതിഷേധ യോഗത്തിൽ സംസാരിച്ചത്.

കേരളീയം റെയ്ഡിനെ തുടർന്ന് കോഴിക്കോട് നടന്ന പ്രതിഷേധ യോഗം